(സി) പുതിയ മെഡിക്കൽ കോളേജിൽ മാലിന്യങ്ങൾ നീക്കം ചെയ്യുന്നതിന് നടപടികൾ സ്വീകരിച്ചുകഴിഞ്ഞുവോ;

(ഡി) ഇതിന് എത്ര തുകയുടെ പദ്ധതിയാണ് നടപ്പിലാക്കുന്നത് എന്നു വ്യക്തമാക്കുമോ?

ഉത്തരം

(എ) മുളംകുന്നത്തുകാവിൽ 400 കിടക്കകളുള്ള ആശുപത്രിയുടെ പണി ഏകദേശം പൂർത്തിയായിക്കഴിഞ്ഞു.

(ബി) ഈ മെഡിക്കൽ കോളേജ് കുന്നംകുളം നിയോജകമണ്ഡലത്തിലെ അവണൂർ പഞ്ചായത്തിലാണ് സ്ഥിതിചെയ്യുന്നത്.

(സി) നടപടികൾ സ്വീകരിച്ചുവരുന്നു.

(ഡി) 64.60 ലക്ഷം രൂപയാണ് ഈ പദ്ധതിയുടെ ആകെ തുകയായി കണക്കാക്കപ്പെട്ടിരിക്കുന്നത്.

## കോഴിക്കോട് മെഡിക്കൽ കോളേജിന് എം.ആർ.ഐ. സ്കാനർ വാങ്ങുന്നതിന് അംഗീകാരം നൽകാൻ നടപടി

147 [1623] ശ്രീ. വി. കെ. സി. മമ്മത്കോയ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് മെഡിക്കൽകോളേജിൽ എം.ആർ.ഐ. സ്കാനർ വാങ്ങുന്നതിന് എച്ച്.ഡി.എസ്. തീരുമാനിച്ച കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഏറ്റവും ആധുനികരീതിയിലുള്ള 1.5 ടസ്ല സ്കാനർ വാങ്ങി 7,000 രൂപയുടെ സ്ഥാനത്ത് 3,000 രൂപയും 20 ശതമാനം സൗജന്യവും ചെയ്യാമെന്നിരിക്കെ ഇതിന് അംഗീകാരം നൽകാതിരുക്കുന്നതിന് എന്തെങ്കിലും കാരണമുണ്ടോ;

(സി) എങ്കിൽ ഇതിന് അംഗീകാരം നൽകാതിരിക്കാനുള്ള തടസ്സങ്ങൾ എന്തൊക്കെയാണ്;

(ഡി) വസ്തുതാപരമായ പരിശോധന നടത്തി അംഗീകാരം നൽകാൻ അടിയന്തിര നടപടി സ്വീകരിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഉണ്ട്.

(ബി, സി ആന്റ് ഡി) ഇതു സംബന്ധിച്ച ആശുപത്രി വികസന സമിതിയുടെ നിർദ്ദേശം ഗവൺമെന്റ് പരിശോധിച്ചു വരികയാണ്.

നൂറനാട് ലെപ്രസി സാനറ്റോറിയത്തിന്റെ ശോച്യാവസ്ഥ

148 [1624] ശ്രീ. കെ. കെ. ഷാജു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഏഷ്യയിലെ ഏറ്റവും വലിയ കുഷ്ഠരോഗാശുപത്രിയായ നൂറനാട് ലെപ്രസി സാനറ്റോറിയത്തിന്റെ ശോച്യാവസ്ഥ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത ആശുപത്രിയുടെ പുനരുദ്ധാരണത്തിന് എന്തെങ്കിലും വിദേശ ഏജൻസികൾ പണം വാഗ്ദാനം ചെയ്തിട്ടുണ്ടോ;

(സി) എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ;

(ഡി) ഈ സാനറ്റോറിയത്തിന്റെ ചുറ്റുമതിൽ പല ഭാഗത്തും ഇടിഞ്ഞു കിടക്കുന്നതിനാൽ ഈ സ്ഥാപനത്തിന്റെ വകയായ സ്ഥലം അന്യാധീനപ്പെടുവാൻ ഇടവരുമെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഇ) എങ്കിൽ ആയത് പരിഹരിക്കുവാൻ നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി ആന്റ് സി) ജർമ്മൻ ലെപ്രസി റിലീഫ് അസോസിയേഷൻ എന്ന സംഘടനയുടെ പ്രതിനിധികൾ ഈ സ്ഥാപനം സന്ദർശിക്കുകയും ഇതിന്റെ പുനരുദ്ധാരണ പ്രവർത്തനങ്ങൾക്കായി സാമ്പത്തിക സഹായം നല്കുന്നതിന് ചില കൂടിയാലോചനകൾ നടത്തുകയും ചെയ്തിട്ടുണ്ട്. എന്നാൽ അവരിൽ നിന്നും തുടർന്ന് ഒരറിയിപ്പും ലഭിച്ചിട്ടില്ല.

(ഡി) ഉണ്ട്.

(ഇ) ഫണ്ടിന്റെ ലഭ്യത അനുസരിച്ച് ഘട്ടംഘട്ടമായി മതിലിന്റെ പണികൾ ചെയ്യാൻ നടപടികൾ സ്വീകരിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly